REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 12-10-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **16-ാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിന് ഇന്ന് തുടക്കം.**
- **റിയാദിലെ കിംഗ് ഖാലിദ് വിമാനത്താവളത്തിന് നേരെ ഹൂതി വിമതർ നടത്തിയ വ്യോമാക്രമണത്തിൽ പരിക്കേറ്റ ഇന്ത്യൻ പൗരൻ മരിച്ചു. അഞ്ച് ഇന്ത്യക്കാർ ചികിത്സയിലെന്ന് ഇന്ത്യൻ എംബസി.**
- **വനിതകൾക്ക് KSFE ആവിഷ്ക്കരിച്ച പിങ്ക് ചിട്ടികളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി. സതീശൻ ഇന്ന് നിർവഹിക്കും**
- **'സന്തോഷത്തോടെ പഠിക്കാം' സംസ്ഥാനവ്യാപക ബോധവൽക്കരണ യജ്ഞത്തിന് ഇന്ന് തുടക്കമാകും.**
- **ഇന്ത്യ - വെസ്റ്റിൻഡീസ് അഞ്ച് മത്സര ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യ വെസ്റ്റ് ഇൻഡീസിനെ 14 റൺസിന് തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

16-ാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിന് ഇന്നു തുടക്കമാകും. ഈ മാസം 29 വരെയാണ് സമ്മേളനം.

കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി

..........വോയ്സ്.....

പതിനാറാം നിയമസഭയുടെ രണ്ടാം സമ്മേളനത്തിനാണ് ഇന്നു തുടക്കമാകുന്നത്. ഈ മാസം 29 വരെ ചേരുന്ന സഭ ഒൻപതു ദിവസങ്ങളിൽ സമ്മേളിക്കുവാനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്. പ്രധാനമായും നിയമനിർമ്മാണത്തിനാണ് ഇത്തവണ സഭ സമ്മേളിക്കുന്നത്. കോർട്ട് ഫീസ് ഭേദഗതി ബിൽ, ഹിന്ദുമത ചാരിറ്റബിൽ എൻഡോവ്മെന്റ് ഭേദഗതി ബിൽ എന്നിവ ഇന്ന് അവതരിപ്പിക്കും. മറ്റു ദിവസങ്ങളിലെ നിയമനിർമാണം സംബന്ധിച്ച് ഇന്നു ചേരുന്ന കാര്യോപദേശക സമിതി തീരുമാനം കൈക്കൊള്ളുമെന്നാണ് സ്പീക്കർ അറിയിച്ചിട്ടുള്ളത്. ബജറ്റ് ഉപധനാഭ്യർത്ഥന ചർച്ചയും വോട്ടെടുപ്പും 26-ന് നടത്തും.

✪✪✪

സൗദി അറേബ്യൻ തലസ്ഥാനമായ റിയാദിലെ കിംഗ് ഖാലിദ് അന്താരാഷ്ട്ര വിമാനത്താവളത്തിന് നേരെ യമനിലെ ഹൂതി വിമതർ നടത്തിയ വ്യോമാക്രമണത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന ഇന്ത്യൻ പൗരൻ മരണപ്പെട്ടു. റിയാദിലെ ഇന്ത്യൻ എംബസിയാണ് മരണം സ്ഥിരീകരിച്ചത്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ....

..........വോയ്സ്.........

ശനിയാഴ്ചയാണ് ഇന്ത്യൻ പൌരനുൾപ്പടെ 13 പേരുടെ മരണത്തിനും 300-ലധികം പേർക്ക് പരിക്കേൽക്കാനും കാരണമായ ആക്രമണമുണ്ടായത്. പരേതന്റെ കുടുംബത്തെ അനുശോചനം അറിയിച്ച എംബസി, ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ തുടങ്ങി. ഇന്നലെ വിമാനത്താവളത്തിലെ പാസഞ്ചർ ടെർമിനൽ 4-ന് നേരെ വീണ്ടും ആക്രമണമുണ്ടാവുകയും ഒരാൾ കൊല്ലപ്പെടുകയും 11 പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

പരിക്കേറ്റ അഞ്ച് ഇന്ത്യക്കാർ ചികിത്സയിലാണെന്ന് ഇന്ത്യൻ എംബസി അറിയിച്ചു. സൗദിയിലെ ഇന്ത്യൻ പൗരന്മാർക്കായി മുഴുസമയ ഹെൽപ്പ് ലൈൻ നമ്പറുകൾ സജ്ജമാക്കിയിട്ടുണ്ട്.

സിവിലിയൻ കേന്ദ്രങ്ങൾക്കും വിമാനത്താവളങ്ങൾക്കും നേരെ നടക്കുന്ന തുടർച്ചയായ ഭീകരാക്രമണങ്ങളെ ഇന്ത്യ ശക്തമായി അപലപിച്ചു. സൗദി അറേബ്യയുടെ പരമാധികാര സംരക്ഷണത്തിൽ രാജ്യം പൂർണ്ണ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതായി വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി. അതേസമയം, ഹൂതി വിമതർക്കെതിരെ സൈനിക നീക്കം നടത്തുന്ന കാര്യത്തിൽ ഉടൻ തീരുമാനമെടുക്കുമെന്ന് US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വ്യക്തമാക്കി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി പൊതുസേവനരംഗത്ത് 25 വർഷം പൂർത്തിയാക്കി. പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ 2047 ഓടെ ഇന്ത്യയെ വികസിത രാജ്യമാക്കുന്ന പ്രയത്നത്തിലാണ് കേന്ദ്ര ഗവണ്മെന്റ്. ഇതോടനുബന്ധിച്ച് ആകാശവാണി തയ്യാറാക്കുന്ന പ്രത്യേക റിപ്പോർട്ടിൽ ഇന്ന് 'മേരാ യുവ ഭാരത്' സംരംഭത്തെ കുറിച്ച് ഒരു റിപ്പോർട്ട്

...........വോയ്സ്......

2023 ഒക്ടോബർ 31-ന് ആരംഭിച്ച, കേന്ദ്ര ഗവൺമെന്റിന്റെ യുവജന കേന്ദ്രീകൃതസംരംഭമാണ് 'മേരാ യുവ ഭാരത് മൈ ഭാരത്'. രാജ്യത്തെ യുവാക്കളെ രാഷ്ട്രനിർമ്മാണ പ്രക്രിയയുമായി ബന്ധിപ്പിക്കുകയും വിവിധ സാമൂഹിക പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളാകാൻ അവർക്ക് അവസരമൊരുക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. 21-ാം നൂറ്റാണ്ടിലെ രാഷ്ട്രനിർമ്മാണത്തിൽ 'മൈ ഭാരത്' നിർണായക പങ്ക് വഹിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രസ്താവിച്ചിരുന്നു. യുവാക്കളിൽ നേതൃപാടവം, ഉത്തരവാദിത്തബോധം, പൗരബോധം എന്നിവ വളർത്തുക, വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിൽ അവരെ സജീവ പങ്കാളികളാക്കുക എന്നിവയാണ് 'മൈ ഭാരത്' പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

✪✪✪

ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയം സജീവമായി പ്രവർത്തിക്കുന്ന ഇടമാക്കി മാറ്റുമെന്ന് മന്ത്രി PC വിഷ്ണുനാഥ് പറഞ്ഞു. കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിൽ അഷ്ടമുടി വാട്ടർ ഗേറ്റ് മ്യൂസിക് ഫെസ്റ്റിവലിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. തുടർ വർഷങ്ങളിലും അഷ്ടമുടി വാട്ടർ ഗേറ്റ് മ്യൂസിക് ഫെസ്റ്റിവൽ സംഘടിപ്പിക്കുമെന്നും മന്ത്രി അറിയിച്ചു. ഡിസംബറിൽ നടക്കുന്ന കൊല്ലം ഇന്റർനാഷണൽ ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ ലോഗോ ചടങ്ങിൽ മന്ത്രി പ്രകാശനം ചെയ്തു. ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ വെബ്സൈറ്റ് മന്ത്രി ബിന്ദു കൃഷ്ണ ഉദ്ഘാടനം ചെയ്തു.

✪✪✪

വനിതകൾക്കായി KSFE ആവിഷ്ക്കരിച്ച പിങ്ക് ചിട്ടികളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി. സതീശൻ ഇന്ന് നിർവഹിക്കും. നിയമസഭയിൽ മുഖ്യമന്ത്രിയുടെ ചേംബറിലാണ് പരിപാടി.

✪✪✪

കണ്ണൂർ ആറളം ഫാമിലെയും പുനരധിവാസ മേഖലയിലെയും ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾ നേരിട്ടറിയാനും പ്രദേശത്തെ വികസന പ്രവർത്തനങ്ങൾ വിലയിരുത്താനും പ്രിൻസിപ്പൽ ജില്ലാ ആൻഡ് സെഷൻസ് ജഡ്ജി എം മനോജിന്റെ നേതൃത്വത്തിൽ  പ്രദേശം സന്ദർശിച്ചു.

ജില്ലാ കളക്ടർ പി വിഷ്ണുരാജ്, സബ് ജഡ്ജിയും ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറിയുമായ എം ശ്രുതി എന്നിവരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

ആറളം ഫാമിൽ ചേർന്ന യോഗത്തിൽ ഉദ്യോഗസ്ഥരിൽ നിന്ന് ഫാമിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അദ്ദേഹം ചോദിച്ചറിഞ്ഞു. ആനമതിൽ നിർമാണം നടക്കുന്ന പ്രദേശവും സംഘം സന്ദർശിച്ചു.

✪✪✪

ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായ നിർമ്മാണ പ്രവർത്തനങ്ങളുടെ DPR ഫൈനലൈസ് ചെയ്തതായി BJP ദേശീയ നിർവ്വാഹക സമിതി അംഗം PK കൃഷ്ണദാസ് അറിയിച്ചു. ശബരിമല മുന്നൊരുക്കം വിലയിരുത്തുന്നതിന്റെ ഭാഗമായി ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ സന്ദർശിച്ചതിന് ശേഷം മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

പനമരം കോട്ടയാക്രമണത്തിന്റെ 224-ാം വാർഷികം വയനാട് പൈതൃക സംരക്ഷണ കർമ്മസമിതിയുടെ നേതൃത്വത്തിൽ ആചരിച്ചു.  പനമരം തലക്കര ചന്തു സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന,  അനുസ്മരണസമ്മേളനം, കവർ പ്രകാശനം എന്നിവ നടന്നു. അനുസ്മരണ സമ്മേളനം വനവാസി വികാസ കേന്ദ്രം സംസ്ഥാന രക്ഷാധികാരി പള്ളിയറ രാമൻ ഉദ്ഘാടനം ചെയ്തു.

1802 ഒക്ടോബർ 11ന് തലക്കൽ ചന്തുവിന്റെ നേതൃത്വത്തിലാണ് പനമരത്തെ ബ്രിട്ടീഷുകാരുടെ കോട്ട ആക്രമിച്ചത്.

✪✪✪

ജസ്റ്റിസ് VR കൃഷ്ണയ്യരുടെ പേരിൽ നിയമ സർവകലാശാല സ്ഥാപിക്കണമെന്ന് ഓൾ ഇന്ത്യ  ലോയേഴ്സ് യൂണിയൻ സംസ്ഥാന സമ്മേളനം തലശ്ശേരിയിൽ ആവശ്യപ്പെട്ടു. നിയമ വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തണമെന്നും സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

✪✪✪

കേരള പത്മശാലിയ സംഘം സംസ്ഥാന പ്രസിഡണ്ടായി വിശ്വംഭരൻ പിള്ളയെയും  ജനറൽ സെക്രട്ടറിയായി VV കരുണാകരനെയും കണ്ണൂരിൽ സമാപിച്ച 46-ാം സംസ്ഥാന സമ്മേളനം തെരഞ്ഞെടുത്തു. സമ്മേളനം കെ.സി. വേണുഗോപാൽ എം.പി. ഉദ്ഘാടനം ചെയ്തു.

✪✪✪

'സന്തോഷത്തോടെ പഠിക്കാം' സംസ്ഥാനവ്യാപക ബോധവൽക്കരണ യജ്ഞത്തിന് ഇന്ന് തുടക്കമാകും. വിദ്യാർത്ഥികളുടെ മാനസികാരോഗ്യം സംരക്ഷിക്കുകയും സന്തോഷകരമായ പഠനാന്തരീക്ഷം ഒരുക്കുകയുമാണ് പരിപാടിയുടെ ലക്ഷ്യം. ഈ മാസം 17 വരെ ഗവണ്മെന്റ് സ്കൂളുകളിലും ഗവണ്മെന്റ്  നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരിപാടികൾ സംഘടിപ്പിക്കും. ലോക മാനസികാരോഗ്യ ദിനാചരണത്തിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ആരോഗ്യ വകുപ്പാണ് പദ്ധതി സംഘടിപ്പിക്കുന്നത്.

✪✪✪

ദക്ഷിണ കർണാടകയിലെ പ്രസിദ്ധമായ കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിൽ നവരാത്രി ആഘോഷങ്ങളുടെ ആദ്യ ദിനം തന്നെ വൻ ഭക്ത ജന തിരക്കാണ് അനുഭവപ്പെട്ടത്. നവരാത്രി ആഘോഷങ്ങളിൽ പങ്കാളികളാകാൻ കേരളത്തിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും നിരവധി ഭക്തജനങ്ങളാണ് എത്തുന്നത്.

കൂടുതൽ വിവരങ്ങളുമായി കാസർകോട്ട് നിന്ന് P ജഗന്നിവാസൻ

..........വോയ്സ്.........

✪✪✪

പത്മനാഭപുരത്ത് നിന്ന് വിഗ്രഹ ഘോഷയാത്ര  ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ എത്തിയതോടെ തിരുവനന്തപുരത്തെ നവരാത്രി ആഘോഷങ്ങൾക്ക് കൊടിയേറി. വിഗ്രഹ ഘോഷയാത്രയെ  ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ ഉടവാൾ ഏറ്റുവാങ്ങി ആചാരപ്രകാരം വരവേറ്റു. പദ്മതീർഥക്കുളത്തിലെ ആറാട്ടിനുശേഷം  സരസ്വതിദേവിയെ നവരാത്രി മണ്ഡപത്തിൽ പൂജയ്ക്കിരുത്തി.

✪✪✪

കോഴിക്കോട് കേസരി ഭവനിൽ ആരംഭിച്ച നവരാത്രി സർഗ്ഗോത്സവം കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. പി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. മാതൃശക്തിപൂജ ഭാരതത്തിൽ എന്ന വിഷയത്തിൽ സീമാജാഗരൺ

മഞ്ച് ദേശീയ മുഖ്യസംരക്ഷക്,  എ. ഗോപാലകൃഷ്ണൻ പ്രഭാഷണം നടത്തി. ചലച്ചിത്രതാരം വിവേക് ഗോപൻ വിശിഷ്ടാതിഥിയായി പങ്കെടുത്തു.

✪✪✪

നവരാത്രിയോടനുബന്ധിച്ച് കണ്ണൂർ  കോർപ്പറേഷന്റെ നേതൃത്വത്തിൽ നടക്കുന്ന കണ്ണൂർ ദസറ വൈകിട്ട് മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. കളക്ടറേറ്റ് മൈതാനിയിൽ ഈ മാസം 21 വരെ വിവിധ പരിപാടികളാണ് ഒരുക്കിയിട്ടുള്ളത്.

✪✪✪

വർക്കല ശിവഗിരി മഠത്തിൽ നവരാത്രി ആഘോഷങ്ങൾക്ക് ഇന്ന് തുടക്കമാകും. രാവിലെ ചലച്ചിത്രതാരം ദേവൻ ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യും. സ്വാമി പരാനന്ദ,  ദീപം തെളിക്കും. ശ്രീനാരായണ മഹാസമാധി നവതിസ്മാരക മന്ദിരത്തിലാണ് പരിപാടികൾ.

✪✪✪

ഇന്ത്യ - വെസ്റ്റിൻഡീസ് അഞ്ച് മത്സര ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യ വെസ്റ്റ് ഇൻഡീസിനെ 14 റൺസിന് തോൽപ്പിച്ചു. വിജയത്തോടെ പരമ്പരയിൽ ഇന്ത്യ 2-1 ന് മുന്നിലെത്തി.നാലാം മത്സരം മറ്റന്നാൾ ഹൈദരാബാദിലെ രാജീവ് ഗാന്ധി അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ നടക്കും.

✪✪✪

ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സിന് വിജയത്തുടക്കം. ഇന്റർകാശി FC-യെ എതിരില്ലാത്ത രണ്ട് ഗോളുകൾക്കാണ് ബ്ലാസ്റ്റേഴ്സ് പരാജയപ്പെടുത്തിയത്.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader:  അബ്ദുൾ കബീർ*
*News team : സാലിം*
*DEO : സി കെ സുബോധ്*